പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1316

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ഡോ. കെ.ടി. ജലീൽ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിപ്രകാരം 2012-13-ൽ എത്ര കോടി രൂപയുടെ പദ്ധതികൾ ലഭിച്ചു; | (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം പുതിയ റോഡുകൾ നിർമ്മിക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. എന്നാൽ വിവിധ ഘട്ടങ്ങളിലായി കരാർ ഉറപ്പിക്കാൻ കഴിയാതിരുന്ന 151 പ്രവർത്തികൾ പുനരാരംഭിക്കാൻ സാധിച്ചിട്ടുണ്ട്. 2012-13 ൽ 720 കി.മീ. റോഡുകളുടെ DPR തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിലേക്ക് അയച്ചു കൊടുക്കുവാൻ കേന്ദ്ര സർക്കാർ അനുമതി നൽകി. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശത്തെ 24 കി.മീ. റോഡുൾപ്പെടെ 457 കോടി രൂപയുടെ 846 കി.മീ. റോഡിന് 2013-14 ൽ കേന്ദ്രസർക്കാർ അംഗീകാരം നൽകി. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരികയാണ്. |
| (ബി) | ഇതിൽ എത്ര പദ്ധതികൾ തൻവർഷം നടപ്പാക്കാൻ കഴിഞ്ഞുവെന്നും ആയതിന് എത്ര രൂപ ചെലവഴിക്കപ്പെട്ടുവെന്നും അറിയിക്കാമോ? | (ബി) | 2012-13 സാമ്പത്തിക വർഷം പുതിയ റോഡുകളൊന്നും കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ തൻവർഷം പുതിയ പദ്ധതികളൊന്നും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. 2012-13 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം വിവിധ റോഡുകളുടെ നിർമ്മാണത്തിനായി 57.293 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ